# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 122 — 06.03.2018-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, കെ.സി.ജോസഫ്<br>,, പി.ടി. തോമസ്<br>,, അനൂപ് ജേക്കബ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ശമ്പള വർദ്ധനവും നികുതി പിരിവിലെ ഗുരുതരമായ വീഴ്ചയും കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ട് ചുരുങ്ങി പല സ്ഥാപനങ്ങളും സാമ്പത്തിക ബുദ്ധിമുട്ടിലാണോ എന്ന് വ്യക്തമാക്കുമോ; | എ) 2017-18 സാമ്പത്തിക വർഷം വസ്തുനികുതി പിരിവിൽ സംസ്ഥാനതല ശരാശരി 63% കൈവരിക്കാൻ നിലവിൽ സാധിച്ചിട്ടുണ്ട്. ഇത് 31.03.2018 ആകുമ്പോഴേക്കും 100% കൈവരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. 60 $M^2$ താഴെയുള്ള കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയത് വസ്തുനികുതി ഡിമാന്റിൽ ഗണ്യമായ കുറവ് വരുന്നതിന് കാരണമായിട്ടുണ്ട്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ചുരുങ്ങുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ട് അവയുടെ ദൈനംദിന ചെലവുകൾക്ക് അപര്യാപ്തമാണ്.<br>ചില നഗരസഭകൾ തനതു ഫണ്ടിന്റെ ദൗർലഭ്യം മൂലം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് അഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ എന്തൊക്കെയാണ്: | ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് പരിഷ്കരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 01.04.2018-ൽ പുതിയ വസ്തുനികുതി പരിഷ്കരണം നിലവിൽ വരേണ്ടതുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിർണ്ണയിക്കുന്ന |

| | | | |
|---|---|---|---|
| | | | നിലവിലെ 11 സ്ലാബുകൾ വർദ്ധിപ്പിച്ച് അധികമായി സ്ലാബുകൾ ചേർക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് വരികയാണ്. |
| സി) | കെട്ടിട നികുതി വർഷം തോറും അഞ്ച് ശതമാനം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | സി) | 5-ാം ധനകാര്യ കമ്മീഷൻ ശുപാർശയിന്മേലുള്ള ധനകാര്യ വകുപ്പിന്റെ നടപടി റിപ്പോർട്ടിൽ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ തീരുമാനം ആയിട്ടില്ല. |
| ഡി) | തൊഴിൽക്കരത്തിന്റെ പരമാവധി പരിധി 2500 ൽ നിന്നും 12500 രൂപ ആക്കണമെന്ന കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | തൊഴിൽ കരത്തിന്റെ പരമാവധി പരിധി 12500/- രൂപയാക്കണമെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പ്രാദേശിക സർക്കാരുകളുടെ തനതു വിഭവസമാഹരണം

### വസ്തുനികുതി

32. 2013 ൽ ഭേദഗതി ചെയ്യപ്പെട്ട 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന നികുതിയും, സർചാർജ്ജും) ചട്ടങ്ങളും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന നികുതിയും, സർചാർജ്ജും) ചട്ടങ്ങളും 27.04.2015 ലെ സ.ഉ.(എം.എസ്) നം.144/15/LSGD ഉത്തരവ് റദ്ദ് ചെയ്ത് നടപ്പിലാക്കണം. കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും പറയും പ്രകാരം വസ്തു നികുതി 5 വർഷം കൂടുമ്പോൾ പരിഷ്കരിക്കുകയും ഇതിനാവശ്യമായ ചട്ടങ്ങൾ കാലോചിതമായി നിർമ്മിക്കേണ്ടതും/ഭേദഗതി ചെയ്യേണ്ടതുമാണ്. നികുതി പരിഷ്കരണത്തിൽ വീഴ്ച ഉണ്ടാവുകയും പ്രാദേശിക സർക്കാരുകൾക്ക് ഇക്കാരണത്താൽ നഷ്ടം ഉണ്ടാവുകയും ചെയ്താൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203(4) വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233(4) വകുപ്പിലും വിഭാവനം ചെയ്തിരിക്കുന്നതുപോലെ പ്രതിവർഷം 5% എന്ന തോതിൽ നഷ്ട പരിഹാരം നൽകേണ്ടതുമാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

33. വസ്തു നികുതിയുടെ ചുരുങ്ങിയ നിരക്കും ഏറ്റവും കൂടിയ നിരക്കും തമ്മിലുള്ള അന്തരം ചുരുക്കാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു. ചുരുങ്ങിയ നിരക്ക് ഏറ്റവും കൂടിയ നിരക്കിന്റെ 75%ത്തെക്കാൾ കുറയരുത്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 14.01.2011 ലെ 19/2011/എൽ.എസ്.ജി.ഡി, 24.02.2015 ലെ 36/2015/എൽ.എസ്.ജി.ഡി എന്നീ വിജ്ഞാപനങ്ങൾപ്രകാരവും നഗരസഭകളുടെ കാര്യത്തിൽ 14.01.2011 ലെ 17/2011/എൽ.എസ്.ജി.ഡി നമ്പർവിജ്ഞാപന പ്രകാരവും നിശ്ചയിച്ചിട്ടുള്ള ചുരുങ്ങിയ വസ്തു നികുതി നിരക്ക് ഇതനനുസൃതമായി പരിഷ്കരിക്കേണ്ടതാണ്.

34. അനധികൃത നിർമ്മാണങ്ങളും, മറ്റു പ്രവർത്തികളും കണ്ടെത്തുന്നതിനും, അവയ്ക്ക് നികുതി ഏർപ്പെടുത്തുന്നതിനും വ്യക്തമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വേണ്ട നിർദ്ദേശം പ്രാദേശിക സർക്കാരുകൾക്ക് നൽകണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

35. കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളും പ്രാദേശിക സർക്കാരുകളുടെ വസ്തു നികുതിക്ക് വിധേയമാക്കണമെന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും അതിലേയ്ക്കായി ഭരണഘടനയുടെ അനുച്ഛേദം 285(1) ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയും വേണം.

36. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235-ാം വകുപ്പിന്റെ ഖണ്ഡം (ബിഎ)ഉം കേരള മുനിസിപ്പാലിറ്റി ആക്ടിലെ 207-ാം വകുപ്പിന്റെ ഖണ്ഡം (ബിഎ) യും ഒഴിവാക്കി 2009 നു മുൻപുള്ള തത്സ്ഥിതിയിലേക്ക് വരികയും

എല്ലാ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വസ്തു നികുതിയുടെ പരിധിയിൽകൊണ്ടുവരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

37. ബി.എസ്.എൻ.എൽ കെട്ടിടങ്ങളുടെ നികുതി അടിയന്തരമായി കണക്കാക്കുന്നതിനും ഇവ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളും നഗരസഭകളും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**തൊഴിൽനികുതി**

38. പ്രഫഷണലുകൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, വ്യാപാരികൾ, ബിസിനസ്സുകാർ, ജീവനക്കാർ എന്നിവരിൽ നിന്നും ശരിയായ രീതിയിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നികുതി നല്കുന്നവരുടെ പട്ടിക പരിഷ്കരിക്കേണ്ടതാണ്. അധിക തസ്തികകൾ സൃഷ്ടിക്കാതെ ഈ ആവശ്യത്തിലേയ്ക്കായി പ്രാദേശിക സർക്കാരുകൾ കൂടുതൽ ആൾക്കാരെ നിയോഗിക്കേണ്ടതാണ്. ഡി.ആന്റ് ഓ ലൈസൻസ് നിയമത്തിൻ കീഴിൽ ലൈസൻസ് ലഭിച്ചിട്ടുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും അതിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

39. പ്രാദേശിക സർക്കാരുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന പ്രഫഷണലുകളെ സംബന്ധിച്ച ഒരു സർവ്വേ വാർഡ് മെമ്പർ/കൗൺസിലർമാരുടെ സഹായത്തോടെ നടത്തുകയും അവരെകൂടി നികുതി അടയ്ക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. ഓരോ പ്രദേശത്തെയും പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റുമാരുടെ ഒരു പട്ടിക ബാർകൗൺസിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ടതാണ്. അഡ്വക്കേറ്റുമാർ അവരുടെ വരുമാനം സ്വമേധയാ വെളിപ്പെടുത്തേണ്ടതും അതിന്മേൽ തൊഴിൽനികുതി നൽകേണ്ടതും ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ശമ്പള വിഭാഗത്തിൽപ്പെട്ടവരുടെ അതേ സ്ലാബ് തന്നെയായിരിക്കും ഇവർക്കും ബാധകം. തൊഴിൽ നികുതി അടയ്ക്കേണ്ട അഡ്വക്കേറ്റുമാർആയത് പ്രാദേശിക സർക്കാരുകളിൽ അടച്ച് അതിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ പ്രാക്ടീസ് നടത്താൻ അനുവദിക്കുകയുള്ളൂ എന്ന രീതിയിൽ ഒരു നിയമ നിർമ്മാണം നടത്തേണ്ടതാണ്. ഇപ്രകാരം തൊഴിൽനികുതി അടച്ചതിനുള്ള രസീത് ഓരോ വർഷവും ഒക്ടോബറിലെയും ഏപ്രിലിലെയും ഒന്നാമത്തെ പ്രവൃത്തി ദിവസം ഹാജരാക്കേണ്ടതാണ്.

40. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ന് തുല്യമായൊരു നിബന്ധന 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലും കൊണ്ടു വരേണ്ടതാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) വിപുലീകരിച്ച് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ടാക്സ്

പ്രാക്ടീഷണർമാർ, സ്റ്റോക്ക് ബ്രോക്കർമാർ, സ്വകാര്യ/ചാർട്ടേർഡ് എഞ്ചിനീയർമാർ, ഏജൻസി ബിസിനസുകാർ, ഇന്റർനെറ്റ് കഫേ നടത്തുന്നവർ, കേബിൾ ഓപ്പറേറ്റർമാർ, ഡിഷ് ചാനൽ സർവ്വീസ് നൽകുന്നവർ, കൺസട്ടൻസി സർവ്വീസ് നടത്തുന്നവർ, റിയൽ എസ്റ്റേറ്റ് ഏജന്റുമാർ/ബ്രോക്കർമാർ എന്നിവരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

41. തൊഴിൽനികുതി വർദ്ധിപ്പിക്കണമെന്ന 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ എത്രയും വേഗം നടപ്പിലാക്കുന്നതിനായി തൊഴിൽനികുതിയുടെ ഉയർന്ന പരിധി വർദ്ധിപ്പിക്കുന്ന വിഷയം കേന്ദ്ര സർക്കാരിൽ ഉന്നയിക്കേണ്ടതാണ്.

**വിനോദ നികുതി**

42. 1961 ലെ കേരള ലോക്കൽഅതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്ടിലെ 5.1 (എഎ) വകുപ്പിൽ പ്രതിപാദിക്കുന്നതുപോലെ പരമ്പരാഗതമായ തിയേറ്ററുകളിലും മൾട്ടിപ്ലക്സ് തിയേറ്ററുകളിലും കമ്പ്യൂട്ടർവത്കൃത ടിക്കറ്റ് വിതരണ സമ്പ്രദായം നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു.

43. കേബിൾ ടിവിയുടെയും ഡിഷ് ടിവിയുടെയും വരിക്കാരെ വിനോദ നികുതിയുടെ കീഴിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഓരോ വരിക്കാരിൽ നിന്നും പ്രതിമാസം 10 രൂപ വീതം ഈടാക്കാവുന്നതാണ്. ഓപ്പറേറ്റർമാർ തുക ശേഖരിക്കേണ്ടതും ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ അടയ്ക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് 1961 ലെ കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടെയിന്മെന്റ്സ് ടാക്സ് ആക്ടിലെ 2(4)-ാം വകുപ്പിന് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. തിരിമറി ഒഴിവാക്കുന്നതിനായി മുകളിലെ നിയമത്തിലെ 5(1) (എഎ) വകുപ്പിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം കേബിൾ/ഡിഷ് ഓപ്പറേറ്റർമാർ വരിക്കാർക്ക് നല്കുന്ന രസീതുകൾ കമ്പ്യൂട്ടർവത്ക്കരിക്കേണ്ടതാണ്.

44. 1961 ലെ കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്ടിലെ 2(4)-ാം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തി വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും കാർഷിക പ്രദർശന കേന്ദ്രങ്ങളിലേയും പ്രവേശന ഫീസും ഹൗസ്ബോട്ട് ചാർജ്ജും വിനോദ നികുതിയുടെ പരിധിയിൽ കൊണ്ടു വരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഹൗസ് ബോട്ടുകൾ യാത്ര തുടങ്ങുന്ന സ്ഥലത്തേയോ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും കാർഷിക പ്രദർശന കേന്ദ്രങ്ങളുടേയും ടിക്കറ്റ് കൗണ്ടർ സ്ഥിതി ചെയ്യുന്ന സ്ഥലത്തോയോ പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതി ഈടാക്കാവുന്നതാണ്.

45. വിനോദ നികുതിക്ക് സംസ്ഥാന സർക്കാർ യാതൊരു വിധ ഇളവുകളും നൽകരുതെന്ന് ശുപാർശ ചെയ്യുന്നു.

## പരസ്യ നികുതി

46. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 209 ഡി, 256 എന്നീ വകുപ്പുകളിലും 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ 276, 567 (32) എന്നീ വകുപ്പിലും അനുയോജ്യമായ ഭേദഗതികൾ വരുത്തി പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി ബൈല നിർമ്മിക്കുന്ന സമ്പ്രദായം ഉപേക്ഷിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാകുന്ന ഏകീകൃത പരസ്യചട്ടങ്ങൾ സർക്കാർ നിർമ്മിക്കേണ്ടതും അതുവഴി പരസ്യങ്ങളുടെ നിയന്ത്രണങ്ങളും അവയുടെ നികുതി വസൂലാക്കലും നിയന്ത്രിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്. അതുപോലെ തന്നെ 1999-ലെ കേരള മുനിസിപ്പാലിറ്റി (ഇറക്ഷൻഓഫ് ആർച്ചസ്/ആന്റ് സെറ്റിംഗ് അപ്പ് ഓഫ് അഡ്വർടൈസ്മെന്റ് ബോർഡ്സ് ഇൻപബ്ലിക് സ്ട്രീറ്റ്സ് ആന്റ് പബ്ലിക് പ്ലെയ്സസ്) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പരസ്യങ്ങളും അവയുടെ നികുതി വസൂലാക്കലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## പ്രദർശന നികുതി

47. പ്രദർശന നികുതിയുടെ മിനിമം നിരക്ക് നിലവിൽ 5 രൂപ മുതൽ 50 രൂപ വരെയാണ്. ഇതിൽ100% വർദ്ധനവ് വരുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

## സേവന ഉപനികുതി

48. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230 (4)- ാം വകുപ്പും, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന നികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന നികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾഎന്നിവയിലെ 26 - ാം ചട്ടവും ഭേദഗതി വരുത്തി സേവന നികുതി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഈടാക്കുന്നത് നിർബന്ധമാക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

## കേന്ദ്ര സർക്കാർകെട്ടിടങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ്

49. കേന്ദ്രസർക്കാർ കെട്ടിടങ്ങൾക്കുള്ള നിയമാനുസൃത സർവ്വീസ് ചാർജ്ജ്, ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈടാക്കുന്നതിനുള്ള വ്യവസ്ഥ കർശനമായി പാലിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് നിർബന്ധമായും നിർദ്ദേശം നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

## ഡി & ഓ ലൈസൻസ് ഫീസ്

50(എ) ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക് ബാധകമാക്കിയിട്ടുള്ള ഡി & ഓ ലൈസൻസ് ചട്ടങ്ങൾ നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തുപോലെ കേരള പഞ്ചായത്ത് രാജ് (വ്യപാരങ്ങളുടെയും സേവനങ്ങളുടെയും വ്യവസായങ്ങളുടെയും നിയന്ത്രണം) ചട്ടങ്ങൾ എന്ന് പുനർനാമകരണം ചെയ്യണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു. നഗര സഭകൾക്ക് ബാധകമാക്കാൻ നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങളും ഇത്തരത്തിൽ പുനർനാമകരണം ചെയ്യേണ്ടതാണ്.

50(ബി) പുതുതലമുറയിലെ വാണിജ്യ സ്ഥാപനങ്ങൾഉൾപ്പെടെ എല്ലാത്തരം വ്യാപാര വാണിജ്യ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിക്കുന്നതിന് വേണ്ടി 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 വിപുലപ്പെടുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

50(സി) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ II,III,IV എന്നീ പട്ടികകളിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള വാർഷിക ലൈസൻസ് ഫീസ് പരിഷ്കരിക്കണമെന്ന് നിർദ്ദേശിക്കുന്നു. പട്ടിക(Table) 7.2 ൽ വിശദീകരിച്ചതുപോലെ പട്ടിക II പുതുക്കേണ്ടതാണ്.

50(ഡി) പട്ടിക III ഉം IV ഉം പ്രകാരമുള്ള നിരക്കുകളിൽ 100% വർദ്ധനവ് വരുത്തേണ്ടതാണ്.

51. നഗരസഭകൾക്ക് ബാധകമായ വ്യാപാര ലൈസൻസ് ചട്ടങ്ങൾ, അതായത് 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അടിയന്തരമായി പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

**ബിൽഡിംഗ് പെർമിറ്റ് ഫീസ്**

52. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിലവിലുള്ള കെട്ടിട നിർമ്മാണ അനുമതി ഫീസ് 50% ഉയർത്തണമെന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു.

**കെട്ടിട വാടക**

53. പ്രാദേശിക സർക്കാരുകൾ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെയും കെട്ടിടങ്ങളുടെയും കമ്മ്യൂണിറ്റി ഹാൾ, ഓഡിറ്റോറിയം എന്നിവയുടെയും വാടക അതാത് സ്ഥലങ്ങളിൽ PWD നിശ്ചയിച്ചിട്ടുള്ള വാടക നിരക്കുകൾ പ്രകാരമായിരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**മറ്റ് നികുതിയേതര വരുമാനങ്ങൾ**

54. എല്ലാ നികുതിയേതര സേവനങ്ങളുടെയും നിരക്കുകൾ (വിവാഹ സർട്ടിഫിക്കറ്റ് ഫീസ് ഒഴികെ) കുറഞ്ഞത് 50% വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

55. പ്രാദേശിക സർക്കാരുകൾ ഈടാക്കുന്ന എല്ലാ നികുതി നികുതിയേതര നിരക്കുകളും വസ്തു നികുതി പരിഷ്കരിക്കുന്ന രീതിയിൽ 5 വർഷത്തിലൊരിക്കൽ പരിഷ്കരിക്കേണ്ടതാണ്. തൊഴിൽ നികുതി പരിഷ്കരണം ഭരണഘടനയിലെ അനുച്ഛേദം 276 (2) ന് വിധേയമായിരിക്കും. സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽവേണം ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കേണ്ടത്. ഇതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്.

**കെട്ടിട നികുതി പ്രാദേശിക സർക്കാരുകൾക്ക് കൈമാറൽ**

56. റവന്യൂ വകുപ്പ് ഇപ്പോൾഈടാക്കി വരുന്ന കെട്ടിട നികുതി പ്രാദേശിക സർക്കാരുകൾക്ക് വിട്ടുനൽകണമെന്ന് ശുപാർശ ചെയ്യുന്നു. ഇതിനുവേണ്ടി, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 200-ാം വകുപ്പും 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 230-ാം വകുപ്പും ഭേദഗതി ചെയ്യുന്നതിനുള്ള നിയമ നിർമ്മാണം നടത്തേണ്ടതാണ്.

57. മെച്ചപ്പെട്ട രീതിയിൽ നികുതി പിരിക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് റവന്യൂ പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ ഉചിതമായ പ്രോത്സാഹനം നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഗ്രാമ പഞ്ചായത്തുകൾ അവർക്ക് മുൻ വർഷം (t-1), ലഭിക്കേണ്ട നികുതിയുടെ 97% വസൂലാക്കിയിട്ടുണ്ടെങ്കിൽ റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസായി ഗ്രാമപഞ്ചായത്ത് ഒന്നിന് 5 ലക്ഷം രൂപ നൽകേണ്ടതാണ്. നഗരസഭകൾ ഇപ്രകാരം 95% നികുതി വസൂലാക്കിയിട്ടുണ്ടെങ്കിൽമുനിസിപ്പാലിറ്റി ഓരോന്നിനും 10 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ഓരോന്നിനും 12.50 ലക്ഷം രൂപയും റവന്യൂ ഇൻസെന്റീവ് ബോണസായി നൽകേണ്ടതാണ്. ഖണ്ഡിക 7.43 ൽ വിശദീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ആയിരിക്കും റവന്യൂ കളക്ഷൻഇൻസെന്റീവ് ബോണസ് വിതരണം നടത്തുക .

58. ഗ്രാമ പഞ്ചായത്തിലെ നികുതി പിരിവ് പ്രവർത്തനങ്ങളുടെ ചുമതല അസിസ്റ്റന്റ് സെക്രട്ടറിമാരെ ഏൽപ്പിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്തുകളിലെ നികുതിയുടെ ഡിമാന്റും പിരിവും സംബന്ധിച്ച വിവരങ്ങൾ ഓരോ ആഴ്ചയും അവലോകനം ചെയ്യുന്നതിനും ഇതു സംബന്ധിച്ച വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുമുള്ള ചുമതലയും അസിസ്റ്റന്റ് സെക്രട്ടറിയെ ഏൽപ്പിക്കാൻ നിർദ്ദേശിച്ചു.

59. ഖണ്ഡിക 3.8 ൽവിശദീകരിച്ചിട്ടുള്ളതുപോലെ സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം തുടർന്നും ധനകാര്യ വകുപ്പിലെ എസ്.എഫ്.സി സെല്ലിന്റെ ചുമതലയായിരിക്കും. 7- അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഭവസമാഹരണ നിർദ്ദേശങ്ങൾ സംബന്ധിച്ച ശുപാർശകൾ നടപ്പിൽ വരുത്തുന്നതിന്റെ ചുമതലയും എസ്.എഫ്.സി സെല്ലിനായിരിക്കും.

**-ഗവേണൻസ്**

60. വിഭവ സമാഹരണ മേഖലയിൽഇ-ഗവേണൻസ് സാധ്യതകൾപ്രയോജനപ്പെടുത്താൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. റവന്യൂ സമാഹരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കമ്പ്യൂട്ടർവൽക്കരിക്കേണ്ടതും നികുതി നികുതിയേതര തുക അടയ്ക്കേണ്ടുന്നവർക്ക് ഇത് സംബന്ധിച്ച് സിസ്റ്റം സൃഷ്ടിക്കുന്ന എസ്.എം.എസ്/ -മെയിലിലൂടെ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ

# <u>വിശദീകരണ കുറിപ്പ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലൈസൻസ് ഫീസ് പരിഷ്കരിച്ച് ഓഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തുകളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. മറ്റ് എല്ലാതര ഫീസുകളും, തൊഴിൽ നികുതിയും കാലികമായി വർദ്ധിപ്പിച്ചാൽ ആയത് തനത് ഫണ്ട് വർദ്ധനവിന് സഹായകരമാകും. പരസ്യനികുതി വിനോദനികുതി എന്നിവ ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. ആയതിന് ആനുപാതികമായ തുക കൂടി ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

01.04.2018-ൽ പുതിയ വസ്തുനികുതി പരിഷ്ക്കരണം നിലവിൽ വരേണ്ടതുണ്ട്. പുതിയ വസ്തുനികുതി പരിഷ്കരണത്തിനുള്ള പ്രൊപ്പോസലും നിലവിലെ ഒരോയിനം കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിർണ്ണയിക്കുന്ന നിലവിലെ 11 സ്ലാബുകൾ വർദ്ധിപ്പിച്ച് അധികമായി സ്ലാബുകൾ ചേർക്കുന്നത് ഉൾപ്പെടെയുള്ള പ്രൊപ്പോസലും തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിൽ പരിശോധിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷം വസ്തുനികുതി പിരിവിൽ സംസ്ഥാനതല ശരാശരി 63% കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് 31.03.2018 ആകുമ്പോഴേക്കും 100% കൈവരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച് വരുന്നു. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകുകയും കൃത്യമായ മോണിറ്ററിംഗ് നടത്തുകയും വസ്തുനികുതി പിരിവിൽ പിന്നോക്കം നിൽക്കുന്ന ജില്ലകൾ സംബന്ധിച്ച് പ്രത്യേകം അവലോകനയോഗം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് ഇപ്പോൾതന്നെ 16 ഗ്രാമ പഞ്ചായത്തുകൾക്ക് 100% നികുതി പിരിവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ട് അവയുടെ ദൈനംദിന ചെലവുകൾക്ക് അപര്യാപ്തമാണ്.

കേരളത്തിലെ പുതിയ നഗരസഭകളും, തേർഡ് ഗ്രേഡ് നഗരസഭകളും തനതു ഫണ്ടിന്റെ അപര്യാപ്തത മൂലം ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻ പോലും സാധിക്കാതെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുമാണ് പല നഗരസഭകളും ശമ്പളം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ താൽക്കാലികമായിട്ടെങ്കിലും കണ്ടെത്തുന്നത്. തനതു ഫണ്ടുകളുടെ അപര്യാപ്തത മൂലം പദ്ധതി പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും പ്ലാൻ ഫണ്ടിനെ ആശ്രയിക്കേണ്ടി വരുന്നു. ഇതു കാരണം പദ്ധതി പ്രവർത്തനങ്ങൾ പിന്നോക്കം പോകുന്നുണ്ട്. നികുതി നിരക്കുകൾ

കാലോചിതമായി പരിഷ്കരിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുകയും ചെയ്യുന്നത് വഴി തനതു ഫണ്ടിന്റെ ലഭ്യത കൂട്ടുന്നതിന് സാധിക്കും.

2016-17-ൽ തനതു നികുതി വരുമാനത്തിന്റെ 20 ശതമാനമാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. തുടർന്നുള്ള ഓരോ വർഷവും ഓരോ ശതമാനം വീതം വർദ്ധിക്കും. അഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പത്തേതിൽ നിന്നും വ്യത്യസ്തമായി അതാതു വർഷത്തെ തനതു നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകളുടെ വിഹിതം ശുപാർശ ചെയ്തിട്ടുണ്ട്. SCP, TSP, ജനറൽ ഫണ്ട് എന്നിവ ഉൾപ്പെട്ട വികസന ഫണ്ട് 2011-ലെ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ വീതിക്കുന്നതാണ്.